# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 207 — 08/12/2015-ൽ മറുപടിക്ക്

### പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായുള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.ബി. അബ്ദുൾ റസാക് :<br>,, കെ.മുഹമ്മദുണ്ണി ഹാജി :<br>,, കെ.എം.ഷാജി :<br>,, എൻ. ഷംസുദ്ദീൻ : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായുള്ള പദ്ധതി നടത്തിപ്പ് മോണിറ്റർ ചെയ്യാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ; | (എ) | പട്ടികവർഗ്ഗ വികസന വകുപ്പിൽ പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായുള്ള പദ്ധതി നടത്തിപ്പ് മോണിറ്റർ ചെയ്യുന്നത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.<br><br>പട്ടികവർഗ്ഗ മേഖലയിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്താറുണ്ട്. പദ്ധതികൾ നടപ്പിലാക്കുമ്പോൾ പരമാവധി പ്രയോജനം അവർക്കുതന്നെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ ക്ഷേമകാര്യങ്ങൾക്ക് അനുവദിക്കുന്ന തുക അതാത് പദ്ധതികൾക്ക് തന്നെ കാര്യക്ഷമതയോടുകൂടി പദ്ധതി നിർവ്വഹണം നടത്തി മുഴുവൻ തുകയും ചെലവഴിക്കുന്നതിന് വകുപ്പ് അതീവ ജാഗ്രത പാലിക്കാറുണ്ട്. ഇതിനായി വകുപ്പദ്ധ്യക്ഷൻമാർ വകുപ്പുതല അവലോകന യോഗങ്ങൾ നടത്തി ജില്ലാതല നിയന്ത്രണോദ്യോഗസ്ഥർക്ക് കാര്യക്ഷമതയോടുകൂടി പദ്ധതി നിർവ്വഹണം നടത്തുന്നതിന് ആവശ്യമായ നിർദ്ദേശം നൽകി പദ്ധതി പുരോഗതി കൈവരിക്കാറുണ്ട്.<br><br>പദ്ധതി നടത്തിപ്പ് ഏകോപിപ്പിക്കുന്നതിനായി ഡയറക്ടറേറ്റിൽ ഒരു പ്ലാനിംഗ് മോണിറ്ററിംഗ് സെൽ നിലവിലുണ്ട്.<br><br>2012-13 സാമ്പത്തികവർഷം മുതൽ പട്ടികവർഗ്ഗ കോർപ്പസ് ഫണ്ട് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ |

അനുമതിയോടെ സ്ഥലം എം.എൽ.എ ചെയർമാനായും പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ കൺവീനറായും ബന്ധപ്പെട്ട വകുപ്പിന്റെ ജില്ലാ മേധാവി, ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ്, ഇതര ജനപ്രതിനിധികൾ എന്നിവർ മെമ്പർമാരുമായ ഒരു കമ്മിറ്റിയുടെ നിരീക്ഷണത്തിലാണ് നടത്തിവരുന്നത്.

**എ.റ്റി.എസ്.പി. പദ്ധതിയുടെ മോണിറ്ററിംഗ്:**
പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെയും ആസൂത്രണ ബോർഡ് വൈസ് ചെയർമാന്റെയും നേതൃത്വത്തിൽ ഉന്നതതല കമ്മിറ്റിയാണ് സംസ്ഥാനതലത്തിൽ എ.റ്റി.എസ്.പി പദ്ധതിയുടെ മോണിറ്ററിംഗ് നടത്തുന്നത്. ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർമാനായുള്ള പദ്ധതി പുരോഗതി അവലോകനം നടത്തി യഥാസമയം പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുകയും അതോടൊപ്പം ജില്ലാതല ഉദ്യോഗസ്ഥർ ടി പദ്ധതികളുടെ പുരോഗതി വിലയിരുത്തി റിപ്പോർട്ട് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിലും സമർപ്പിക്കുന്നു.

**ഹാംലെറ്റ് ഡെവലപ്മെന്റ് പദ്ധതി:**
ജില്ലാ കളക്ടർ, സബ് കളക്ടർ, റവന്യൂ ഡിവിഷണൽ ഓഫീസർ എം.പി./എം.എൽ.എ, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ സംസ്ഥാന പട്ടികവർഗ്ഗ അഡ്വൈസറി ബോർഡ് ജില്ലാതല അംഗങ്ങൾ, ത്രിതല പഞ്ചായത്ത് സെക്രട്ടറിമാർ, പട്ടികവർഗ്ഗ വികസന വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ, ടി.ഇ.ഒ മാർ, ഊരുമൂപ്പൻ, പട്ടികവർഗ്ഗ പ്രൊമോട്ടർമാർ എന്നിവർ അടങ്ങുന്ന ഒരു കമ്മിറ്റിയിൽ തെരഞ്ഞെടുത്ത സങ്കേതങ്ങൾ സന്ദർശിച്ച് വിപുലമായ ഊരുകൂട്ടം വിളിച്ചുചേർത്ത് അതിലുന്നയിക്കുന്ന വികസന ആവശ്യങ്ങൾ പരിഗണിച്ച് മുൻഗണനാ ക്രമത്തിൽ ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയും പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്.

പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൌതിക നേട്ടങ്ങൾ ജില്ലാ ഓഫീസർമാർ നേരിട്ട് വിലയിരുത്തുകയും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ തലത്തിൽ ചേരുന്ന ജില്ലാ വികസന സമിതി യോഗത്തിലും വിലയിരുത്തുകയും ചെയ്യുന്നുണ്ട്. ഡയറക്ടറേറ്റിൽ നിന്നുള്ള നിയന്ത്രണ ഉദ്യോഗസ്ഥർ ഉൾപ്പെട്ട ഒരു സംഘം എല്ലാ ജില്ലകളിലും സന്ദർശനം

| | | | |
|---|---|---|---|
| | | | നടത്തി പുരോഗതി വിലയിരുത്തുന്നുണ്ട്. കൂടാതെ സർക്കാർ ഉത്തരവ് (സാധാ) നം. 1013/2012/പജപവവിവ തീയതി 17.07.2012 പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർമാനും കൺവീനറും, ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളുമായ ഒരു കമ്മിറ്റി പദ്ധതി വിനിയോഗം വിലയിരുത്തുന്നുണ്ട്.<br><br>ജില്ലാതല ഉദ്യോഗസ്ഥർ എല്ലാ മാസവും അഞ്ചാം തീയതിയ്ക്കകം മാസാന്ത്യ പദ്ധതിപുരോഗതി വിവരം ഡയറക്ടറുടെ വിലയിരുത്തലിനായി ലഭ്യമാക്കുന്നുണ്ട്. അതുപോലെതന്നെ ജില്ലാ തലത്തിൽ വിലയിരുത്തലിനായി ജില്ലാ കളക്ടർമാർക്കും നൽകുന്നുണ്ട്. എല്ലാ മാസവും അവസാന ശനിയാഴ്ച ചേരുന്ന ജില്ലാ വികസന സമിതി യോഗത്തിൽ ജില്ലാ തലത്തിലുള്ള പദ്ധതി നിർവ്വഹണ പുരോഗതി അവലോകനം ചെയ്യുന്നുണ്ട്.<br><br>ഇപ്രകാരമുള്ള പ്രവർത്തനങ്ങളുടെ ഫലമായി പട്ടികവർഗ്ഗ വികസനത്തിന് അനുവദിക്കുന്ന ഫണ്ട് സമയബന്ധിതമായി ചെലവഴിക്കുന്നതിന്റെ പുരോഗതി വിലയിരുത്തുവാൻ സാധിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത സംവിധാനങ്ങൾ കാര്യക്ഷമമല്ലാത്തതുകൊണ്ട് ക്ഷേമപദ്ധതി നടത്തിപ്പിലെ പാളിച്ചകൾ യഥാസമയം കണ്ടെത്തുന്നതിലും നടപടികൾ സ്വീകരിക്കുന്നതിലും വീഴ്ച സംഭവിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | പട്ടികവർഗ്ഗക്കാർക്കുവേണ്ടി നടപ്പിലാക്കിവരുന്ന എല്ലാ പദ്ധതികളും കാര്യക്ഷമതയോടുകൂടി നടപ്പിലാക്കിവരുന്നു. അപൂർവ്വം ചില പദ്ധതികളുടെ നടത്തിപ്പിൽ സാങ്കേതികമായി ഉണ്ടാകുന്ന കാലതാമസം കാര്യക്ഷമതയില്ലായ്മകൊണ്ട് ഉണ്ടാകുന്നതല്ല. |
| (സി) | പട്ടികവർഗ്ഗക്കാർക്കിടയിൽ റേഷൻ കാർഡില്ലാത്ത കുടുംബങ്ങളുള്ളപ്പോൾ അവരെ ക്ഷേമ പദ്ധതികളുടെ ഗുണഭോക്താക്കളാക്കാൻ സ്വീകരിക്കുന്നതിനുള്ള മാർഗ്ഗമെന്താണെന്ന് വ്യക്തമാക്കുമോ ? | (സി) | സംസ്ഥാനത്ത് പട്ടികവർഗ്ഗത്തിൽപ്പെട്ട ആകെ 107965 കുടുംബങ്ങളിൽ 82970 കുടുംബങ്ങൾക്ക് റേഷൻകാർഡ് ഉണ്ട്. റേഷൻകാർഡ് ഇല്ലാത്ത കുടുംബങ്ങൾക്ക് വകുപ്പിന്റെ എല്ലാ ക്ഷേമ പദ്ധതികളുടെ ആനുകൂല്യങ്ങളും നൽകി വരുന്നു. പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഇടയിൽ കൂട്ടുകുടുംബ വ്യവസ്ഥ നിലവിലുള്ളത്കൊണ്ട് വ്യക്തിഗത റേഷൻകാർഡ് നൽകുന്നതിന് സാങ്കേതിക ബുദ്ധിമുട്ട് നിലവിലുണ്ട്.<br><br>റേഷൻ കാർഡ് ഇല്ലാത്ത പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം കൂടുതലുള്ള മേഖലകളിൽ ക്ഷേമ പദ്ധതികളുടെ ആനുകൂല്യം ലഭ്യമാക്കുന്നതിനുവേണ്ടി |

| | | | |
|---|---|---|---|
| | | | പൊതുവിതരണ വകുപ്പുമായി ചേർന്ന് പ്രത്യേക ക്യാമ്പ് സംഘടിപ്പിച്ച് റേഷൻകാർഡ് നൽകുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ റേഷൻകാർഡ് ഇല്ലാത്ത കുടുംബങ്ങളിൽ നിന്ന് ഈ കാര്യത്തിലേയ്ക്കുള്ള അപേക്ഷാ ഫോമുകളും അനുബന്ധ രേഖകളും അതാത് കുടുംബങ്ങളിൽനിന്നും പ്രൊമോട്ടർമാർ മുഖേന ശേഖരിച്ച് അതാത് ജില്ലകളിലെ പൊതു വിതരണ വകുപ്പിന് നൽകി വരുന്നുണ്ട്. ടി കാര്യത്തിൽ കർശന നിർദ്ദേശം എല്ലാ ജില്ലാ ഓഫീസർമാർക്കും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ